# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/241/2018 2018 നവംബർ 12

## എം.ജി. വാർത്താക്കുറിപ്പ്

---

## 11 ദിവസംകൊണ്ട് 5.42 ലക്ഷം ഉത്തരക്കടലാസുകൾ മൂല്യനിർണയം നടത്തി മഹാത്മാ ഗാന്ധി സർവകലാശാല

**– റെക്കോഡ് വേഗത്തിൽ മൂല്യനിർണയം നടത്തിയവർക്ക് വൈസ് ചാൻസലറുടെ അഭിനന്ദനം**

പതിനൊന്ന് ദിവസംകൊണ്ട് 5,42,000 ഉത്തരക്കടലാസുകളുടെ മൂല്യനിർണയം നടത്തി മഹാത്മാ ഗാന്ധി സർവകലാശാല. സി.ബി.സി.എസ്.എസ്. രണ്ടാം സെമസ്റ്റർ ജൂൺ 2018, അഞ്ചാം സെമസ്റ്റർ ഒക്ടോബർ 2018 ബിരുദ പരീക്ഷകളുടെയും രണ്ടാം സെമസ്റ്റർ പി.ജി. സി.എസ്.എസ്. ജൂലൈ 2018, ഒന്നും രണ്ടും സെമസ്റ്റർ പി.ജി. പ്രൈവറ്റ് ജൂലൈ 2018 പരീക്ഷകളുടെയും മൂല്യനിർണയമാണ് റെക്കോഡ് വേഗത്തിൽ സർവകലാശാല പൂർത്തീകരിച്ചത്.

എട്ട് സോണുകളിലായി കേന്ദ്രീകൃത രീതിയിൽ സിൻഡിക്കേറ്റംഗങ്ങളുടെ നേതൃത്വത്തിൽ നടത്തിയ മൂല്യനിർണയ ക്യാമ്പിൽ 4800 അധ്യാപകരാണ് പങ്കെടുത്തത്. ബിരുദം രണ്ടാം സെമസ്റ്ററിൽ 2,90,000 ഉത്തരക്കടലാസുകളും അഞ്ചാം സെമസ്റ്ററിൽ 1,89,000 ഉത്തരക്കടലാസുകളുമാണ് മൂല്യനിർണയം നടത്തിയത്.

രണ്ടാം സെമസ്റ്റർ പി.ജി. പരീക്ഷയുടെ 30,000 ഉത്തരക്കടലാസുകളുടെയും ഒന്നും രണ്ടും സെമസ്റ്റർ പി.ജി. പ്രൈവറ്റിന്റെ 33,000 ഉത്തരക്കടലാസുകളുടെയും മൂല്യനിർണയം നടന്നു. വളരെ വേഗത്തിൽ മൂല്യനിർണയം പൂർത്തിയാക്കാൻ ഒരേ മനസോടെ പ്രവർത്തിച്ച അധ്യാപകരെയും സർവകലാശാല ജീവനക്കാരെയും മൂല്യനിർണയ ക്യാമ്പുകളിലെത്തി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അഭിനന്ദിച്ചു. മൂല്യനിർണയവുമായി ബന്ധപ്പെട്ട് അവധി ദിനങ്ങളിൽപ്പോലും പ്രവർത്തിച്ച എല്ലാവർക്കും അദ്ദേഹം നന്ദി അറിയിച്ചു.

കോട്ടയം ഗവ. കോളേജ്, കോട്ടയം ബസേലിയസ് കോളേജ്, പാലാ സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, മൂവാറ്റുപുഴ നിർമല കോളേജ്, ആലുവ യു.സി. കോളേജ്, തൃപ്പൂണിത്തുറ ചിന്മയ വിദ്യാപീഠ്, കട്ടപ്പന ലബ്ബക്കട ജെ.പി.എം. കോളേജ് എന്നിവിടങ്ങളിലാണ് മൂല്യനിർണയ ക്യാമ്പുകൾ നടന്നത്. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. പി.കെ. പത്മകുമാർ, ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ്, ഡോ. അജി. സി. പണിക്കർ, ഡോ. എം.എസ്. മുരളി, വി.എസ്. പ്രവീൺകുമാർ എന്നിവർ വിവിധ ക്യാമ്പുകളുടെ ചുമതല നിർവ്വഹിച്ചു. ബിരുദ, ബിരുദാനന്തര ബിരുദ പരീക്ഷകളുടെ ഫലപ്രഖ്യാപനം വേഗത്തിലാക്കുന്നതിനായാണ് കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് നടത്തിയത്. നവംബർ രണ്ടിന് ആരംഭിച്ച മൂല്യനിർണയ ക്യാമ്പുകൾ ഇന്നലെയാണ് (നവംബർ 12) അവസാനിച്ചത്. ഫലപ്രഖ്യാപനം വേഗത്തിൽ നടത്താൻ മാപ്പിംഗ് അടക്കമുള്ള നടപടികൾ ഡേറ്റാ സെന്ററിൽ ആരംഭിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**പാലാ സെന്റ് തോമസ് കോളേജിലെ ബിരുദ, ബിരുദാനന്തര പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പ് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സന്ദർശിക്കുന്നു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ് എന്നിവർ സമീപം**

## പരീക്ഷ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം. - 9 പി.എം.) റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകൾ നവംബർ 28ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ സെമസ്റ്ററിന് 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (സെമസ്റ്ററിന് പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ എം.എസ്‌സി. സി.ഇ. ആന്റ് എൻ.ടി. (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ്‌വർക്ക് ടെക്നോളജി - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 30ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 16 വരെയും 500 രൂപ പിഴയോടെ 19 വരെയും 1000 രൂപ സൂപ്പർഫൈനോടെ 21 വരെയും സ്വീകരിക്കും.

## അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എ./ എം.എസ്‌സി./ എം.കോം/ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.ടി.എ./ എം.ടി.ടി.എം. (2018 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷന് റഗുലർ വിദ്യാർഥികൾക്ക് പിഴയില്ലാതെ നവംബർ 26 മുതൽ 28 വരെ അപേക്ഷിക്കാം. 500 രൂപ പിഴയോടെ നവംബർ 29, 30 തീയതികളിലും 1000 രൂപ സൂപ്പർഫൈനോടെ ഡിസംബർ ഒന്ന്, രണ്ട് തീയതികളിലും അപേക്ഷിക്കാം. ആദ്യ മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ (2013 അഡ്മിഷൻ) 5000 രൂപയും, രണ്ടാം തവണയെഴുതുന്നവർ 7000 രൂപയും സ്പെഷൽ ഫീസായി പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

റഗുലർ വിദ്യാർഥികൾ പ്രിൻസിപ്പൽ മുഖേന college.mgu.ac.in എന്ന വെബ്സൈറ്റ് വഴിയും സപ്ലിമെന്ററി വിദ്യാർഥികൾ epay.mgu.ac.in എന്ന വെബ്സൈറ്റ് വഴിയും ഓൺലൈനായി ഫീസടയ്ക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പരീക്ഷകേന്ദ്രത്തിന് മാറ്റം

നവംബർ 14 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയ്ക്ക് എറണാകുളം സെന്റ് ആൽബർട്സ് കോളജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിരിക്കുന്ന ബി.എ. വിദ്യാർഥികൾ ഐരാപുരം സി.ഇ.റ്റി. കോളജിൽ നിന്നും ഹാൾടിക്കറ്റുകൾ കൈപ്പറ്റി അവിടെത്തന്നെ പരീക്ഷയ്ക്ക് ഹാജരാകണം. ബി.കോം വിദ്യാർഥികൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ഇടപ്പള്ളി ഇൻഫർമേഷൻ സെന്ററിൽ നിന്നും ഹാൾടിക്കറ്റുകൾ കൈപ്പറ്റി ഇടത്തല എം.ഇ.എസ്. കോളജ് ഫോർ അപ്ലൈഡ് സയൻസസിൽ പരീക്ഷയ്ക്ക് ഹാജരാകണം.

## ഓൺലൈൻ ചോദ്യപേപ്പർ ബാങ്ക് സംവിധാനം: പരിശീലനം 15ന്

നവംബർ 27 മുതൽ നടക്കുന്ന മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ ഓൺലൈൻ ചോദ്യപേപ്പർ ബാങ്ക് സംവിധാനം സംബന്ധിച്ച പരിശീലനം നവംബർ 15ന് രാവിലെ 10.30ന് സർവകലാശാല അസംബ്ലിഹാളിൽ നടക്കും. പരീക്ഷാചുമതലയുള്ള അഡീഷണൽ ചീഫ് സൂപ്രണ്ട്, അധ്യാപക-അനധ്യാപക ജീവനക്കാർ എന്നിവർ പരിശീലനത്തിൽ പങ്കെടുക്കണം.

## പരീക്ഷാഫലം

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്ട്രോണിക്സ്, ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ (പി.ജി. സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 26 വരെ അപേക്ഷിക്കാം.

2018 സെപ്റ്റംബറിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. (മൈക്രോബയോളജി, ബയോടെക്നോളജി, ബയോഫിസിക്സ് - സപ്ലിമെന്ററി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 ജനുവരിയിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ. (റഗുലർ/ഇംപ്രൂവ്മെന്റ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 ജനുവരിയിൽ നടന്ന എം.എസ്‌സി. ബയോടെക്നോളജി (മേഴ്സി ചാൻസ്) ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്ററുകളിലെ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 26 വരെ അപേക്ഷിക്കാം.

**റൂറൽ ഡെവലപ്മെന്റിൽ സർട്ടിഫിക്കറ്റ്**

**കോഴ്സ്: പ്രവേശനം നാളെ (നവംബർ 14)**

മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന റൂറൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിലേക്കുള്ള പ്രവേശനം നാളെ (നവംബർ 14) രാവിലെ 10ന് സർവകലാശാല കാമ്പസിലെ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നടക്കും. 10 ദിവസത്തെ കോഴ്സിന് പ്ലസ്ടു/പ്രീഡിഗ്രി യോഗ്യതയുള്ള ഈ രംഗത്തെ ഉദ്യോഗസ്ഥർ, ഗവേഷകർ, എൻ.ജി.ഒ. പ്രവർത്തകർ, സാമൂഹിക സേവകർ, ജനപ്രതിനിധികൾ, വിദ്യാർഥികൾ എന്നിവർക്ക് പങ്കെടുക്കാം. വിദ്യാഭ്യാസ രേഖകൾ, രണ്ട് ഫോട്ടോ, തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം ഹാജരാകണം. ഫീസ്: 3000 രൂപ. വിശദവിവരത്തിന് ഫോൺ: 0481 - 2731560, 2731724.

**എൻ.എസ്.എസ്. വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള**

**ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് 16 മുതൽ**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീം വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് നവംബർ 16 മുതൽ 18 വരെ കോട്ടയം അമലഗിരി ബി.കെ. കോളേജിൽ നടക്കും. നവംബർ 16ന് വൈകീട്ട് മൂന്ന് മുതൽ രജിസ്ട്രേഷൻ നടക്കും. വൈകീട്ട് നാലിന് ക്യാമ്പിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കും. സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിക്കും.

സിൻഡിക്കേറ്റംഗങ്ങളായ ഡോ. പി.കെ. പത്മകുമാർ, ഡോ. എ. ജോസ്, ഡോ. അജി സി. പണിക്കർ, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, കോളേജ് പ്രിൻസിപ്പൽ ഡോ. ലീന മാത്യു, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സിനി തോമസ്, ക്യാമ്പ് ഓഫീസർ ദിയ ഫിലിപ്പ് എന്നിവർ പങ്കെടുക്കും. ഐ.വി. സോമൻ, ജി. ശ്രീകുമാർ, ഡോ. തോമസ് ജോൺ മാമ്പറ, ഡോ. ടോംസ് എബ്രഹാം, ഡോ. ജോയി ജോസഫ്, ഡോ. എം.എസ്. സുനിൽ, ഡോ. കെ. സാബുക്കുട്ടൻ, ജി.പി. സജിത്ത് ബാബു, പ്രൊഫ. എം.ജെ. മാത്യു എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുക്കും.

18ന് രാവിലെ 11ന് പൊതുചർച്ച നടക്കും. ഡോ. അജിത് ജെയിംസ് ജോസ്, ദിയ ഫിലിപ്പ്, പി.എം. രാഗം, ദീപു ജോസഫ് എന്നിവർ ചർച്ച നയിക്കും. ഉച്ചയ്ക്ക് 12.30ന് സമാപന സമ്മേളനവും സർട്ടിഫിക്കറ്റ് വിതരണവും നടക്കും. രജിസ്ട്രാർ പ്രൊഫ. എം.ആർ. ഉണ്ണി മുഖ്യാതിഥിയായിരിക്കും.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ